# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 02/23 (206th) Meeting of the Syndicate held on 18.03.2023 at 11.00 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. പി.വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. ബിച്ചു എക്സ്. മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ശ്രീ. എൻ.ആദിൽ, വിദ്യാർത്ഥി പ്രതിനിധി, സിൻഡിക്കേറ്റംഗം - ഒപ്പ്
13. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1
Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

സർവകലാശാലയിലെ സംസ്കൃതം ജനറൽ വിഭാഗം വിദ്യാർത്ഥി ശ്രീ. അമിത് സേവ്യറിന്റെ നിര്യാണത്തിലും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

03.02.2023 തീയതിയിലെ 205-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(1) ദളിത് ബന്ധു എൻ. കെ ജോസ്, അദ്ദേഹത്തിന്റെ സ്വകാര്യ ശേഖരത്തിലെ അപൂർവ്വങ്ങളായ പുസ്തകങ്ങളും കൈയെഴുത്ത് പ്രതികളും, കത്തുകളും സംസ്കൃത സർവകലാശാലയിലെ ചരിത്ര വിഭാഗത്തിന് കൈമാറി. 11.02.2023 ന് വൈക്കത്തുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ നടന്ന ചടങ്ങിൽ ബഹു. വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, പ്രശസ്ത ചരിത്രകാരൻ ഡോ. പി.കെ മൈക്കിൾ തരകൻ, സോഷ്യൽ സയൻസ് വിഭാഗം ഡീൻ ഡോ. സനൽ മോഹൻ എന്നിവർ പങ്കെടുത്തു.

(2) 2023 ഫെബ്രുവരി 15 മുതൽ 17 വരെ ഫിജിയിൽ നടന്ന 12 -ാമത് ലോക ഹിന്ദി കോൺഫറൻസിൽ പ്രഭാഷകയായി പങ്കെടുത്ത ഹിന്ദി വകുപ്പ് മേധാവി ഡോ. കെ. ശ്രീലത - യെ അഭിനന്ദിക്കുന്നു.

(3) നെതർലന്റ്സിലെ ലെയ്ഡൻ യൂണിവേഴ്സിറ്റിയിലെ കൊളോണിയൻ ആന്റ് ഗ്ലോബൽ ഹിസ്റ്ററി വകുപ്പിൽ മാസ്റ്റേഴ്സ് പ്രോഗ്രാമിന് നമ്മുടെ സർവകലാശാലയിലെ ചരിത്ര വിദ്യാർത്ഥിനിയായ കുമാരി. മീനു റബേക്ക തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കുമാരി മീനു റബേക്കയെ അഭിനന്ദിക്കുന്നു.

(4) 2023 ഫെബ്രുവരി 24 മുതൽ 28 വരെ ബാംഗ്ളൂരിലെ ജെയിൻ സർവകലാശാലയിൽ വച്ച് നടന്ന നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുത്ത എല്ലാ മത്സര ഇനങ്ങളിലും സർവകലാശാലാ വിദ്യാർത്ഥികൾ സമ്മാനങ്ങൾ കരസ്ഥമാക്കിയ വിവരം റിപ്പോർട്ട് ചെയ്യുന്നു. എല്ലാവർക്കും സർവകലാശാലാ സമൂഹത്തിന്റെ അഭിനന്ദനങ്ങൾ.

(5) ശ്രീമതി. എം.വി മേരി 28.02.2023 ന് സർവകലാശാലാ സർവ്വീസിൽ നിന്നും വിരമിച്ചു.

(6) കേന്ദ്ര സംഗീത നാടക അക്കാദമിയുമായി സഹകരിച്ചുകൊണ്ട് നമ്മുടെ സർവകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിൽ സംഘടിപ്പിച്ച 'അമൃത് യുവ മഹോത്സവ് - 2021" അവാർഡ് ഫെസ്റ്റിവൽ മാർച്ച് 2 മുതൽ 4 വരെ നടന്നു. കേന്ദ്ര സംഗീത നാടക അക്കാദമി സെക്രട്ടറി ശ്രീ. അനീഷ് പി രാജൻ ഉദ്ഘാടനം നിർവഹിച്ച അവാർഡ് ഫെസ്റ്റിവലിന്റെ ചടങ്ങിൽ ബഹു. വൈസ് ചാൻസലർ അധ്യക്ഷനായിരുന്നു. 2021 വർഷത്തെ ഉസ്താദ് ബിസ്മില്ലാഖാൻ യുവ പുരസ്കാരം നേടിയ 29 യുവ പ്രതിഭകളുടെ കലാ പ്രകടനങ്ങളാണ് സർവകലാശാലയുടെ 3 വേദികളിലായി അരങ്ങേറിയത്. അവാർഡ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് Traditional Arts and Contemporary Culture എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശിൽപശാലയിൽ സർവകലാശാല രജിസ്ട്രാറും കലാമണ്ഡലം വൈസ് ചാൻസലറുമായിരുന്ന ഡോ. കെ. ജി പൗലോസ്, കോഴിക്കോട് സർവകലാശാല സ്കൂൾ ഓഫ് ഡ്രാമ ഡയറക്ടർ ഡോ. അഭിലാഷ് പിള്ള, സർവകലാശാല മലയാള വിഭാഗം പ്രൊഫസർ ഡോ. സുനിൽ പി. ഇളയിടം എന്നിവർ പങ്കെടുത്തു.

(7) സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും എറുഡൈറ്റ് സ്കോളർ ഇൻ റസിഡന്റ്സ് പ്രഭാഷണ പരമ്പരകളും Distinguished Lecture Series കളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രൊഫസർ ആനന്ദ് ജയപ്രകാശ് വൈദ്യ, സാൻജോസ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി, നോർതേൺ കാലിഫോർണിയ, ഡോ. സ്റ്റീഫൻ മൃൂക്, യൂണിവേഴ്സിറ്റി ഓഫ് സൗത് വെയിൽ, ഡോ. ചിത്ര

പണിക്കർ, ബാംഗ്ളൂർ യൂണിവേഴ്സിറ്റി, പ്രൊഫസർ ശംഭുനാഥ്, കൽക്കട്ട യൂണിവേഴ്സിറ്റി, പ്രൊഫ. സെസാരി ഗെയിൽ വിസ്, ജെയ്ജിലോണിയൻ യൂണിവേഴ്സിറ്റി, ക്രാക്കോ, പ്രൊഫസർ ഡേവിഡ് ഷുൾമാൻ, ഹീബ്രു യൂണിവേഴ്സിറ്റി, ജറുസലേം, പ്രൊഫ. മൈത്രേയി ചൗധരി (Rtd.), Centre for the Study of Social Systems, JNU, New Delhi എന്നിവർ എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് വിഭാഗത്തിലും ശ്രീ. ജൂവാന സുമോ, പ്രശസ്ത തീയേറ്റർ കോറിയോഗ്രാഫർ, ശ്രീമതി സാവിത്രി നമ്പൂതിരി, പ്രൊഫ. ക്രിസ്റ്റഫേ വെയിലി, ലൗവിയൻ സർവകലാശാല, ബെൽജിയം, പ്രൊഫ. ശരൺകുമാർ ലിംബാളെ, പ്രൊഫ. അപൂർവ്വാനന്ദ, സ്വാമി തത്വമയാനന്ദ, Minister in charge Northern California, America, പ്രൊഫ. രാജാറാം ശുക്ള, മുൻ വൈസ് ചാൻസലർ, സമ്പൂർണ്ണാനന്ദ് സംസ്കൃത സർവകലാശാല, വാരണാസി, Indira Gandhi National Centre for the Arts (IGNCA) പ്രൊഫസറും, പ്രശസ്ത ചിത്രകാരനുമായ ശ്രീ. ആർ. നന്ദകുമാർ, എന്നിവർ Distinguished Lecture Series വിഭാഗത്തിലും സർവകലാശാലയിൽ പ്രഭാഷണങ്ങൾ നിർവഹിച്ചിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

(8) സർവകലാശാലയിൽ സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇ.എം.എം.ആർ.സി കോഴിക്കോട് സർവകലാശാല അധ്യാപകർക്കായി ദ്വിദിന ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. ഇതിനെതുടർന്ന് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിനായി സർവകലാശാല തെരഞ്ഞെടുത്തയക്കുന്ന നാല് പോസ്റ്റ് പി. എച്ച്. ഡി ഗവേഷകർക്ക് ഇ.എം.എം.ആർ.സി യിൽ ഇന്റേൺഷിപ്പ് നൽകുവാനും ധാരണയായി.

(9) National & International Collaboration ന്റെ ഭാഗമായി Central European University, Jagiellonian University, Groningen University, Central University of Hyderabad, Kerala University of Health Sciences എന്നിവരുമായി ധാരണാപത്രം ഒപ്പുവക്കാനുള്ള നടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ട് ചെയ്യുന്നു.

(10) സർക്കാർ, സർവകലാശാലയ്ക്ക് അനുവദിച്ച 3 പ്രോജക്റ്റ് മോഡ് കോഴ്സു കളിൽ PG Diploma Programme in Active Ageing & Wellness Rehabilitation കോഴ്സിന്റെ പ്രവേശന നടപടികൾ ആരംഭിച്ചു. മറ്റ് രണ്ട് പ്രോജക്റ്റ് മോഡ് കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(11) സർവകലാശാലയിലെ കാലടി ക്യാമ്പസിലും പ്രാദേശിക കേന്ദ്രങ്ങളിലും 2023-24 അധ്യയന വർഷത്തിലേക്കുള്ള വിവിധ പി.ജി പ്രോഗ്രാമുകളി ലേയ്ക്കും, പി.ജി ഡിപ്ലോമ കോഴ്സുകളിലേക്കുമുള്ള അപേക്ഷകൾ ക്ഷണിച്ചു.

(12) സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

(13) വിദ്യാർത്ഥിപ്രതിനിധിയായി സർവകലാശാല സിൻഡിക്കേറ്റിലേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്ത തിരൂർ പ്രാദേശിക കേന്ദ്രം എം.എ ഹിസ്റ്ററി വിദ്യാർത്ഥി ശ്രീ. എൻ. ആദിൽ - നെ സിൻഡിക്കേറ്റിലേക്ക് സ്വാഗതം ചെയ്യുന്നു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചു കൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചു കൊള്ളുന്നു.

## Item No. 2

2023-24 വർഷത്തെ വാർഷിക ബഡ്ജറ്റും 2022-23 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റും അംഗീകരിക്കുന്നത് - സംബന്ധിച്ച്.

18.03.2023 ൽ കൂടിയ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെ ശിപാർശകളോടെ ഫിനാൻസ്, ഓഡിറ്റ് & അക്കൗണ്ട്സ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർ പ്രൊഫ. ഡി. സലിംകുമാർ അവതരിപ്പിച്ച 2022 - 23 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിക്കാനും 2023-24 വർഷത്തെ വാർഷിക ബഡ്ജറ്റ് താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കാനും തീരുമാനിച്ചു.

1. നോൺ പ്ലാൻ ചിലവിനത്തിൽ ജനറൽ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ 1300-00 കണ്ടിൻജൻസീസ് എന്ന ഉപ വിഭാഗത്തിൽ 1324-00 എന്ന ശീർഷകത്തിൽ HQ – ൽ (1324-01) രണ്ട് ലക്ഷം രൂപ വൈസ് ചാൻസലേഴ്സ് യൂണിവേഴ്സിറ്റി കണ്ടിൻജൻസി ഫണ്ട് ഫോർ അഡ്മിനിസ്ട്രേറ്റീവ് /അക്കാദമിക്/ റിസർച്ച്/ സ്റ്റഡന്റ് പർപ്പസ് - ൽ വകയിരുത്തുക.
2. 2436-01 എന്ന ശീർഷകത്തിൽ ശാസ്ത്രസംവർദ്ധിനി സ്കീമിന് ഒരു ലക്ഷം രൂപ വകയിരുത്തുക.
3. 2307-01 എന്ന ശീർഷകത്തിൽ യൂത്ത് ഫെസ്റ്റിവലിന് വകയിരുത്തിയ ഏഴ് ലക്ഷം രൂപ എട്ടു ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.
4. 6201-01 എന്ന ശീർഷകത്തിൽ Grants to University Union – ന് വകയിരുത്തിയ അഞ്ചു ലക്ഷം രൂപ ആറു ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

## BUDGET ESTIMATES FOR 2023 -2024 AT A GLANCE

### RECEIPTS

| Accounts 2021-22 | Budget Estimates 2022-23 | Actual Receipt upto 31.12.2022 | Revised Estimates 2022-23 | Head | Budget Estimates 2023-24 |
|---|---|---|---|---|---|
| 702,834,361 | 778,248,820 | 518,969,231 | 778,248,820 | PART I - NON PLAN | 781,324,700 |
| 142,000,000 | 253,216,700 | 82,603,300 | 253,229,200 | PART II - PLAN | 295,100,000 |
| 5,759,420 | 7,200,000 | 3,833,914 | 7,250,000 | PART III - EARMARKED FUNDS | 4,200,000 |
| 260,677,942 | 305,720,000 | 147,843,322 | 304,787,000 | PART IV - DEBTS & DEPOSITS | 328,830,000 |
| **1,111,271,723** | **1,344,385,520** | **753,249,767** | **1,343,515,020** | **TOTAL RECEIPTS** | **1,409,454,700** |

### EXPENDITURE

| Accounts 2021-22 | Budget Estimates 2022-23 | Actual Expenditure upto 31.12.2022 | Revised Estimates 2022-23 | Head | Budget Estimates 2023-24 |
|---|---|---|---|---|---|
| 807,325,546 | 958,962,600 | 564,927,085 | 910,153,700 | PART I - NON PLAN | 992,067,800 |

| | | | | | |
|---|---|---|---|---|---|
| 126,855,514 | 313,550,000 | 76,965,228 | 301,475,000 | PART II - PLAN | 295,700,000 |
| 880,996 | 7,200,000 | 3,666,437 | 7,200,000 | PART III - EARMARKED FUNDS | 4,200,000 |
| 241,267,341 | 304,350,000 | 156,851,996 | 304,350,000 | PART IV - DEBTS & DEPOSITS | 328,830,000 |
| **1,176,329,397** | **1,584,062,600** | **802,410,746** | **1,523,178,700** | **TOTAL EXPENDITURE** | **1,620,797,800** |

## ADDITIONAL AGENDA

## Item No. 1

Award of Ph.D Degree

a) Sri. Jagadesh Mon J. in Sanskrit Vedanta [No. EA/PhD/726/SSUS/2022(1)]
b) Smt. Soumya V.T. in Sanskrit Vyakarana [No. EA/PhD/734/SSUS/2022(1)]
c) Smt. Reshma Ramachandran P. in Sanskrit Sahitya [No. EA/PhD/735/SSUS/2022(1)]
d) Smt. Geethu Das in Malayalam [No. EA/PhD/736/SSUS/2022(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 14.03.2023, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| 1. | Sri. Jagadesh Mon J. | Faculty of Indian Metaphysics | 28.02.2023 |
| 2. | Smt. Soumya V.T. | Faculty of Sanskrit Grammar | 08.02.2023 |
| 3. | Smt. Reshma Ramachandran P. | Faculty of Sanskrit Literature | 03.02.2023 |
| 4. | Smt. Geethu Das | Faculty of Indian Languages | 21.02.2023 |

1. Sri. Jagadesh Mon J. in Sanskrit Vedanta under the Faculty of Indian Metaphysics for the Ph.D thesis titled **“Universal Philosophy in the Perspective of Nithya Chaitanya Yati”** under the guidance of Dr. V. Prameela Kumari, Professor (Rtd.), Department of Sanskrit Vedanta, SSUS, Kalady.

2. Smt. Soumya V.T in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Aṣṭādhyāyilaghuvivṛtiḥ-Sampādanam Vyākhyānam Ca”** under the guidance of Dr. C.H. Satyanarayana, Professor, Department of Sanskrit Vyakarana, SSUS, Kalady.
3. Smt. Reshma Ramachandran P in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Sanskrit Works on Dramaturgy from Kerala; A Thematic Study”** under the guidance of Dr. Reeja B. Kavanal, Professor (Rtd.), Department of Sanskrit Sahitya, SSUS, Kalady.
4. Smt. Geethu Das in Malayalam under the Faculty of Indian Languages for the Ph.D thesis titled **“കുട്ടനാടിന്റെ പരിണാമം തകഴിയുടെ കയറിൽ : ചരിത്ര – സാമൂഹിക ഘടകങ്ങൾ മുൻനിർത്തിയുള്ള പഠനം”** under the guidance of Dr. Sajitha K.R., Professor, Department of Malayalam, SSUS, Kalady.

## Item No. 2

2022 റെഗുലേഷൻ പ്രകാരമുള്ള ഒന്നാം സെമസ്റ്റർ ബി.എ. സംസ്കൃത പരീക്ഷകളുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ഡി. സലീംകുമാർ, പ്രൊഫ. മോഹൻദാസ് എസ്. എന്നിവർ വിദ്യാർത്ഥി പ്രതിനിധികളുമായി 08.03.2023 ൽ കൂടിയ യോഗനടപടിച്ചുരുക്കം - സംബന്ധിച്ച്. (No. 18398/EC/SSUS/2022)

14.03.2023 ലെ പരീക്ഷാ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച്, 2022 റെഗുലേഷൻ പ്രകാരമുള്ള ഒന്നാം സെമസ്റ്റർ ബി.എ. സംസ്കൃത പരീക്ഷകളുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ഡി. സലീംകുമാർ, പ്രൊഫ. എസ്. മോഹൻദാസ് എന്നിവർ വിദ്യാർത്ഥി പ്രതിനിധികളുമായി 08.03.2023 ൽ കൂടിയ യോഗനടപടിച്ചുരുക്കം വിശദമായി ചർച്ച ചെയ്യുകയും ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നാം സെമസ്റ്റർ പരീക്ഷകൾ നടത്തുവാനും മറ്റ് തുടർ നടപടികൾ സ്വീകരിക്കാനും പ്രോ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

## Item No. 3

2022-23 അധ്യയനവർഷത്തിൽ ഏറ്റുമാനൂർ പ്രാദേശികകേന്ദ്രത്തിൽ PG Diploma in Active Ageing & Wellness Rehabilitation പ്രോഗ്രാം ആരംഭിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ റെഗുലേഷൻ, സിലബസ്, വിജ്ഞാപനം, ഫീസ് ഘടന എന്നിവ നിശ്ചയിക്കുന്നത് - സംബന്ധിച്ച്. (No. Acd.B1/1409/SSUS/2023)

25.02.2023 ലെ അക്കാദമിക് & റിസർച്ച്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് PG Diploma in Active Ageing & Wellness Rehabilitation പ്രോഗ്രാമിന്റെ അനുബന്ധം I ൽ ചേർത്ത ഫീസ് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 4

Masters in Disaster Mitigation and Management എന്ന പ്രൊജക്ട് മോഡ് പ്രോഗ്രാമിന്റെ ഫീസ് ഘടന, റഗുലേഷൻ, സ്കീം, സിലബസ് എന്നിവ അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. 13692/Acd.B1/SSUS/2022)

22.02.2023 തീയതിയിലെ അക്കാദമിക് & റിസർച്ച്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് അനുബന്ധം II ആയി ചേർത്ത Masters in Disaster Mitigation and Management എന്ന പ്രൊജക്ട് മോഡ് പ്രോഗ്രാമിന്റെ ഫീസ് ഘടന അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No.5

റിസർച്ച് സ്കോളേഴ്സ് മീറ്റ് നടത്തുന്നതിനുള്ള പ്രൊപ്പോസലിൽ തീരുമാനമെടുക്കുന്നത് - സംബന്ധിച്ച്. (No. Acd.C1/1339/SSUS/2023)

റിസർച്ച് സ്കോളേഴ്സ് മീറ്റ് ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകരമായ അക്കാദമിക പരിപാടിയായതിനാൽ ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിവൈസ്ഡ് പ്രൊപ്പോസലിൽ 25.02.2023 തീയതിയിലെ അക്കാദമിക് & റിസർച്ച്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗം ആവശ്യപ്പെട്ട വ്യക്തത വരുത്തിയതിനു ശേഷം പ്രസ്തുത പരിപാടി നടത്തുന്നതിന് ആവശ്യമായ തുക മുൻകൂറായി അനുവദിക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 6

ഹൈദരാബാദ് സർവകലാശാലയുമായി ധാരണാ പത്രം ഒപ്പുവയ്ക്കുന്നത് - സംബന്ധിച്ച്. (No. 1575/Acd.B1/SSUS/2022)

അക്കാദമിക സഹകരണവുമായി ബന്ധപ്പെട്ട് ഹൈദരാബാദ് സർവകലാശാലയുമായി ഒരു ധാരണാ പത്രം ഒപ്പുവെക്കുന്നതിനും പ്രസ്തുത ധാരണാ പത്രത്തിന്റെ കരട് അംഗീകരിക്കാനും തീരുമാനിച്ചു.

## Item No. 7

Placement of teachers to the Post of Assistant Professor with higher AGP in the Department of Philosophy – reg.(No. Ad.D/8303/CAS-Philosophy/SSUS/2015)

The Syndicate resolved to approve the recommendations of the Screening cum Evaluation Committee held on 07.03.2023 for the placement of Dr. Syamala K to Assistant Professor with AGP 8000 w.e.f. 31.05.2019 and Dr. P.I. Devaraj to Assistant Professor with AGP 7000 w.e.f. 30.11.2020 in the Department of Philosophy under Career Advancement Scheme, as per the UGC Regulations, 2010.

## Item No. 8

തിയേറ്റർ വകുപ്പ് വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന വിരമിച്ച ലക്ചറർ (നോൺ യുജിസി) ശ്രീ. രമേഷ് വർമ്മ സി.കെ. യെ അഡ്ജൻക്ട് ഫാക്കൽറ്റിയായി മാറ്റി നിയമിക്കണമെന്ന ടീച്ചർ ഇൻ ചാർജ്ജ്-ന്റെ അപേക്ഷയും, വിദഗ്ധ സമിതിയുടെ ശിപാർശയും പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് - സംബന്ധിച്ച്. (No. Ad.A2/13627/SSUS/2022)

വിദഗ്ധ സമിതിയുടെ ശിപാർശയും നാടക വകുപ്പ് ടീച്ചർ ഇൻ ചാർജ്ജ്-ന്റെ അപേക്ഷയും പരിഗണിച്ച് തിയേറ്റർ വകുപ്പ് വിസിറ്റിംഗ് പ്രൊഫസറായി സേവന മനുഷ്ഠിച്ചുകൊണ്ടിരുന്ന വിരമിച്ച ലക്ചറർ (Non UGC) ശ്രീ. രമേഷ് വർമ്മ സി. കെ. യെ അഡ്ജൻക്ട് ഫാക്കൽറ്റിയായി മാറ്റി നിയമിക്കാൻ തീരുമാനിച്ചു. കൂടാതെ കൂടിയാട്ടം അധ്യാപകരോട് പുതിയ സർട്ടിഫിക്കറ്റ് / ഡിപ്ലോമ കോഴ്സുകൾ ഉടൻ ആരംഭിക്കുവാനുള്ള നിർദ്ദേശം നൽകാനും തീരുമാനിച്ചു.

## Item No. 9

SSUS സെന്റർ ഫോർ ഓൺലൈൻ സ്റ്റഡീസിനായി വീഡിയോ റെക്കോർഡിംഗ് സ്റ്റുഡിയോ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി - സംബന്ധിച്ച്. (00336/IQAC2/SSUS/2022)

16.03.2023 തീയതിയിലെ വർക്സ് & പർച്ചേയ്സ്, ഫിനാൻസ് സ്ഥിരം സമിതി കളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയ്ക്ക് വിധേയമായി പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 10

സർവകലാശാല ലൈബ്രറിയിലേക്ക് Medium End Intel Core 13, Ubuntu, 8 GB, 512 GB SSD മോഡൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ ₹42,797/- നിരക്കിൽ 11 എണ്ണം ₹4,70,767/- എസ്റ്റിമേറ്റ് അംഗീകരിച്ച് CPRCS മുഖേന വാങ്ങൽ - ഭരണാനുമതി നൽകുന്നത് - സംബന്ധിച്ച്. (No. Estate/1139/SSUS/2023)

16.03.2023 തീയതിയിലെ വർക്സ് & പർച്ചേയ്സ്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് സർവകലാശാല ലൈബ്രറിയിലേക്ക് ആവശ്യമായ 11 എണ്ണം, Medium End Intel Core i3, Ubuntu, 8 GB, 512 GB SSD മോഡൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ 42,797/- രൂപ നിരക്കിൽ (ആകെ 4,70,767/- രൂപ) CPRCS മുഖേന വാങ്ങുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 11

PG Diploma in Sanskrit Computational Linguistics എന്ന Project Mode Programme ന്റെ ഫീസ് ഘടന അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. 13692/Acd.B1/SSUS/2022)

56-ാമത് അക്കാദമിക് കൗൺസിൽ അംഗീകരിച്ച PG Diploma in Sanskrit Computational Linguistics എന്ന Project Mode Programme ന്റെ ഫീസ് ഘടന താഴെ പറയുന്ന പ്രകാരം അംഗീകരിക്കാൻ തീരുമാനിച്ചു.

# Fee Structure

| Sl.No. | Description of Fees | Fees (Rs.) |
|---|---|---|
| 1 | Tution Fee (per annum) | 5000 |
| 2 | Special Fee (per annum) | 5000 |
| 3 | Admission Fees | 75 |
| 4 | Caution Fee | 500 |
| 5 | Matriculation Fee | 50 |
| 6 | Recognition Fee | 100 |
| 7 | Exam Fee | 2000 |
| 8 | Department Development Fund | 250 |
| 9 | Application Fee | 750 |
| 10 | PTA Fund | 750 |
| 11 | Library Fee | 100 |
| 12 | Computer Lab Fee | 3000 |
| 13 | Practical | 2500 |
| | **Total** | **20075** |

യോഗം 2.00 pm ന് അവസാനിച്ചു.

**ഒപ്പ്**

**രജിസ്ട്രാർ**

**ഒപ്പ്**

**വൈസ് ചാൻസലർ**